# എൻ.എസ്.എസ്. ഗേൾസ് ഹൈസ്കൂൾ
## കരുവാറ്റ



# അക്കാദമിക മാസ്റ്റർപ്ലാൻ

# ഉള്ളടക്കം


| ക്രമനമ്പർ | വിഷയം | പേജ് |
|---|---|---|
| 1 | ആമുഖം | 3 |
| 2 | പൊതുലക്ഷ്യങ്ങൾ | 3 - 5 |
| 3 | വിദ്യാലയത്തിന്റെ ചരിത്രം | 5 - 6 |
| 4 | അടിസ്ഥാന വിവരങ്ങൾ | 7 |
| 5 | വിഷയമേഖല | 8 |
| 6 | മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ | 8 |
| 7 | ഉപസംഹാരം | 21 |

# I ആമുഖം

അന്താരാഷ്ട്രനിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോകുട്ടിയുടേയും മനോഭാവവും നൈപുണികളും ശേഷികളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യമിട്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അഞ്ചുകൊല്ലത്തിനപ്പുറം വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തുവരുന്ന കുട്ടികൾ നൂതനവും വ്യത്യസ്തവും സർഗ്ഗാത്മകവുമായ വഴികളിലൂടെ സഞ്ചരിക്കേണ്ടിയിരിക്കുന്നു, മനഃപാഠം പഠിക്കുന്നരീതി ഒഴിവാക്കുക. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനങ്ങളെ വികസിപ്പിക്കുക. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക. നിരന്തരമൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യതപ്രയോജനപ്പെടുത്തുക തുടങ്ങി ദേശീയ പാഠ്യപദ്ധതി അനുശാസിക്കുന്ന എല്ലാ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളുമാണ് ഓരോ വിദ്യാലയത്തിലും നടക്കേണ്ടത്. ഈ ഒരു ആശയത്തെ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

## II പൊതുലക്ഷ്യങ്ങൾ

1. അന്താരാഷ്ട്രനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ, പഠനോപകരണങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
2. ഉന്നത നിലവാരത്തിലുളള അദ്ധ്യാപനം ഉറപ്പുവരുത്തുന്നതിന് അദ്ധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കും.
3. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കും.
4. പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിൽത്തന്നെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
5. സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ ഇവ ആധുനികവത്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.
6. പഠനക്യാമ്പുകൾ, ലഘുപഠനയാത്രകൾ, ശിൽപശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിദ്ധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.
7. പ്ലാസ്റ്റിക്മുക്ത- കീടനാശിനിമുക്ത-ലഹരിമുക്തക്യാമ്പസ്സുകൾ സൃഷ്ടിക്കും.
8. "ക്യാമ്പസ് തന്നെ പാഠപുസ്തകം" എന്ന ആശയത്തെ ജനകീയമാക്കി വികസിപ്പിച്ച് "ജൈവവൈവിധ്യഉദ്യാനം" എന്ന ആശയത്തിലെത്തിക്കും.
9. കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
10. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തും.
11. കലാ-കായിക പ്രവൃത്തിപരിചയമികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ വികസിപ്പിക്കും.
12. പൊതുസമൂഹത്തെ വിദ്യാലയത്തോട് കുടുതൽ അടുപ്പിക്കും.
13. ജനാധിപത്യ-മതേതരമൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഗ്രാമീണാന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാവിഭാഗം ജനങ്ങൾക്കും ഉറപ്പുവരുത്തും.
14. അക്കാദമികനിലവാരം മെച്ചപ്പെടത്തക്കവിധത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ പശ്ചാത്തലസൗകര്യം ഒരുക്കും.
15. പഠനനേട്ടം കൈവരിക്കുന്നതിന് ഡിജിറ്റൽ സാങ്കേതികവിദ്യാ (ഐ.സി.ടി) ഫലപ്രദമായി ഉപയോഗിക്കും അതോടൊപ്പം കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അദ്ധ്യാപനം കാര്യക്ഷമമാക്കും.
16. 8-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക്

ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തും.

17. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരമൊരുക്കും.
18. വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്നവിധത്തിൽ ഓരോ കുട്ടിയുടേയും പഠന പുരോഗതി, പഠന പ്രശ്നങ്ങൾ തുടങ്ങിയവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തി പിന്തുണ ആർജ്ജിക്കും.
19. സ്കൂളിൽ നടക്കുന്ന പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളിലെ മികവുകൾ സമൂഹമാധ്യമത്തിലെത്തിക്കുക. അതോടൊപ്പം സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹപങ്കാളിത്തം ഉറപ്പാക്കും.
20. പരിസ്ഥിതി സംരക്ഷണത്തിൽ തങ്ങളുടെ പങ്ക് തിരിച്ചറിയാൻ കുട്ടികൾക്ക് അവസരമൊരുക്കും.
21. നാടിന്റെ ചരിത്രവും സാംസ്കാരിക പൈതൃകവുംമനസ്സിലാക്കുന്നതിന് കുട്ടികളെ സഹായിക്കും.
22. എല്ലാകുട്ടികൾക്കും ആരോഗ്യസംരക്ഷണം, പോഷകാഹാരം, ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പാക്കും.
23. കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയശേഷി, ശാസ്ത്രാവബോധം, ജനാധിപത്യബോധം എന്നിവ വളർത്തും.
24. ഇംഗ്ലീഷ്ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്നതിലൂടെ ഇംഗ്ലീഷ് പഠനത്തിന് പൊതുവിദ്യാലയം മതി എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തും.
25. വായനയിലൂടെ കുട്ടിയുടെ പഠനനിലവാരം മെച്ചപ്പെടുത്തും.
26. അദ്ധ്യാപനവും അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കാൻ ഉപകരിക്കുന്നവിധത്തിലുള്ള വിവിധപ്രവർത്തനങ്ങൾ രൂപപ്പെടുത്തും.

## III വിദ്യാലയത്തിന്റെ ചരിത്രം

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിന്റെ വടക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന കരുവാറ്റ ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. കാർഷികമേഖലയായ ഓണാട്ടുകരയും കുട്ടനാടും സംഗമിക്കുന്ന പ്രകൃതിയുടെ വരദാനമായ ഈ ഗ്രാമം കാർഷിക സമൃദ്ധിയാലും സാംസ്കാരികഉന്നമനത്താലും ഏറെ ശ്രദ്ധിക്കപ്പെടുന്നു. മഹാഭാരത കഥയിൽ പരാമർശിക്കുന്ന ഖാണ്ഡ വവനപ്രദേശത്തിൽ കരുവാറ്റയും പരിസരപ്രദേശങ്ങളും ഉൾപ്പെട്ടിരുന്നതായി വിശ്വസിക്കുന്നു. ഖാണ്ഡവദഹനത്തിൽ അഗ്നിക്കിരയായി "കരിവറ്റുവീണ സ്ഥലം" കാലാന്തരത്തിൽ കരുവാറ്റയായി തീർന്നതാണെന്ന് കരുതപ്പെടുന്നു. ഇവിടുത്തെ

താഴ്ന്നപ്രദേശങ്ങളിൽ നിന്നും കുഴിച്ചെടുക്കുന്ന കാണ്ടാമരങ്ങൾ കരിഞ്ഞതടിയുടെ അവശിഷ്ടങ്ങളാണെന്ന് അനുമാനിക്കുന്നു.

തെങ്ങും കമുകും മാവും പ്ലാവും നിറഞ്ഞ തൊടികളും, പൊൻമുത്തുകളെ ശിരസിലേറ്റി താലോലമാട്ടുന്ന നെൽപ്പാടങ്ങളും പക്ഷികളും ശലഭങ്ങളും സ്വൈരവിഹാരം ചെയ്യുന്ന ചെറുകാവുകളും, ഗീതയുടെയും ബൈബിളിന്റെയും ഖുറാന്റെയും മഹത്തായ സൂക്തങ്ങളെ ഉരുവിടുന്ന ദേവാലയങ്ങളും അക്ഷരജ്ഞാനത്തിന്റെ ആദ്യഘട്ടം മുതൽ സാമാന്യവിദ്യാഭ്യാസത്തിന്റെ പടവുകൾ പിന്നിടുന്നതുവരെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളും കച്ചവടസ്ഥാപനങ്ങളും ജാതിമതഭേദങ്ങൾ നാലതിരുകളെ തീർക്കാത്ത മനുഷ്യസ്നേഹത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കുന്ന നല്ലവരായ മനുഷ്യരും ഒത്തുചേരുമ്പോൾ കരുവാറ്റാഗ്രാമം സൗഭാഗ്യ സമ്പൂർണ്ണമായിത്തീരുന്നു.

കരുവാറ്റയിൽ ഒരു ഇംഗ്ലീഷ് വിദ്യാലയം ആരംഭിക്കുന്നതിനുവേണ്ടി അവിടുത്തെ നായർ പ്രമാണിയായ സമുദായത്തിൽകേശവക്കുറുപ്പ് തന്റെ പ്രതിനിധിയായി പ്ലാക്കുഴിയിൽ ശങ്കരപ്പിള്ള വക്കീലിനെ ചങ്ങനാശ്ശേരിയിലേക്കയച്ച് മന്നത്ത്പത്മനാഭന്റെ സഹായം അഭ്യർത്ഥിച്ചു. ഓരോപ്രദേശത്തും അവരവർ സ്കൂളുകൾ ആരംഭിക്കുന്നത് ഉചിതമല്ലെന്നും എൻ.എസ്.എസ് എന്ന പ്രസ്ഥാനത്തിന്റെ കീഴിൽ സ്കൂൾ സ്ഥാപിക്കുന്നതാണ് നല്ലതെന്നും മന്നം ഉപദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കരുവാറ്റയിലെ എല്ലാസമുദായങ്ങളുടെയും പിന്തുണയും സഹായവും മന്നത്ത് പത്മനാഭൻ ഉറപ്പുവരുത്തി സമുദായത്തിൽ കേശവക്കുറുപ്പ് നല്കിയ ഭൂമിയിൽ 1924-ൽ ഒരു ഇംഗ്ലീഷ് വിദ്യാലയവും ഇതിനോടനുബന്ധിച്ച് ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിതമായി 1962-നുശേഷം,ഇപ്പോൾ ഗേൾസ് ഹൈസ്കൂൾ പ്രവർത്തിക്കുന്ന സ്ഥലത്ത് കെട്ടിടമുണ്ടാക്കി അവിടേക്ക്മാറ്റി. തൊഴിൽരഹിതരുടേയും ടി.ടി.സി. പാസ്സായവരുടെയും എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ പല ട്രെയിനിംഗ് സ്കൂളുകളും സർക്കാർ നിർത്തലാക്കി. അങ്ങനെ എൻ,എസ്.എസ്. മാനേജുമെന്റിന് കീഴിലുണ്ടായിരുന്ന കരുവാറ്റയിലെ ട്രെയിനിംഗ് സ്കൂളും സർക്കാർ നിർത്തലാക്കി. ഇതിനൊരു ബദൽ സംവിധാനമെന്ന നിലയിലാണ് 1977-ൽ കരുവാറ്റ എൻ.എസ്.എസ്. ഗേൾസ് ഹൈസ്കൂൾ പ്രവർത്തനമാരംഭിക്കുന്നത്.

8,9,10 ക്ലാസ്സുകളിലായി 200 ൽ താഴെ പഠിതാക്കളാണുള്ളത്. തുടർച്ചയായി 12-ാം തവണയും (2024 മാർച്ച് വരെ) എസ്.എസ്.എൽ.സി. യ്ക്ക് 100% വിജയം കരസ്ഥമാക്കിയ ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നാണിത്.

## IV അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | - | എൻ.എസ്.എസ്. ഗേൾസ് ഹൈസ്കൂൾ കരുവാറ്റ |
| 2. വിലാസം | - | താമല്ലാക്കൽ പി.ഒ., കരുവാറ്റ ആലപ്പുഴ ജില്ല |
| 3. ഫോൺ | - | 9447211050 |
| 4. സ്കൂൾ കോഡ് | - | 35053 (എച്ച്.എസ്) |
| 5. വിദ്യാഭ്യാസ ഉപജില്ല | - | അമ്പലപ്പുഴ |
| 6. വിദ്യാഭ്യാസ ജില്ല | - | ആലപ്പുഴ |
| 7. റവന്യൂജില്ല | - | ആലപ്പുഴ |
| 8. ബി.ആർ.സി. | - | അമ്പലപ്പുഴ |
| 9. സി.ആർ.സി | - | ഗവ.യു.പി.എസ്. എരിക്കാവ് |
| 10. ഗ്രാമപഞ്ചായത്ത് | - | കുമാരപുരം |
| 11. ബ്ലോക്ക് പഞ്ചായത്ത് | - | ഹരിപ്പാട് |
| 12. ജില്ലാ പഞ്ചായത്ത് | - | ആലപ്പുഴ |
| 13. നിയമസഭാമണ്ഡലം | - | ഹരിപ്പാട് |
| 14. ലോക്സഭാമണ്ഡലം | - | ആലപ്പുഴ |
| 15. വില്ലേജ് | - | കുമാരപുരം |
| 16. താലൂക്ക് | - | കാർത്തികപ്പള്ളി |
| 17. ഇ-മെയിൽ വിലാസം | - | 35053alappuzha@gmail.com |

## വിഷയമേഖല- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
### മേഖല- അക്കാദമികം
### ഉപമേഖല - മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറുപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം<br>ജൂൺ - ജൂലൈ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദ്യകരമായ വായന<br>14. ഇ-വായന | ഓഗസ്റ്റ്- ഒക്ടോബർ<br>അക്കാദമിക വർഷം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരിക്കുക<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുവർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘരചന<br>8. ഭാഷാ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>10. സാഹിത്യ-,സാംസ്കാരിക ചിത്ര ഗ്യാലറി | അക്കാദമിക വർഷം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ | അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുക.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | അക്കാദമിക വർഷം | ഓഡിയോ, വീഡിയോ | അധ്യാപകർ<br>ട്രെയിനർ |

മേഖല– അക്കാദമികം

ഉപമേഖല – ഇംഗ്ലീഷ് ഭാഷാപഠനം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിസകലനം |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാപഠനം | ഒഴുക്കോടെ ഇംഗ്ലീഷ് എഴുതുവാനും സംസാരിക്കാനും അവസരം നൽകൽ | 1. കുട്ടികളുമായി ഇംഗ്ലീഷിൽ അനൗപചാരിക സംഭാഷണം | പ്രതിദിനം/ പ്രതിമാസം/ ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് അധ്യാപകൻ | |
| ഇംഗ്ലീഷ് സർഗാത്മക രചന | ഇംഗ്ലീഷ് പദസമ്പത്തു വർദ്ധിപ്പിക്കൽ<br>ഇംഗ്ലീഷിൽ ആശയവിനിമയം നടത്തൽ | 1. ക്ലാസ് ലൈബ്രറി<br>2. വായന മത്സരങ്ങൾ<br>3. ഡിക്ഷണറി<br>4. വായന കാർഡുകൾ | പ്രതിദിനം/ പ്രതിമാസം/ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് തീയറ്റർ | ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക | പാഠഭാഗങ്ങളെ ആസ്പദമാക്കി സ്കിറ്റ്, റോൾ പ്ലേയ്. | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കൽ | അവധി ദിവസങ്ങളിൽ കുട്ടികളെകൊണ്ട് പലതരത്തിലുള്ള പ്രവർത്തനങ്ങൾ വേദിയിൽ അവതരിപ്പിക്കുക.<br>സ്കിറ്റ്, റോൾ പ്ലേയ്, റെസിറ്റേഷൻ മുതലായവ<br>പഠനഭാഗങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി അഭിനയിച്ച് ഷൂട്ട് ചെയ്ത് മികവാർന്നരീതിയിൽ അവതരിപ്പിക്കുക. | രണ്ടു ദിവസം | പി.ടി.എ<br>ഹെഡ്മിസ്ട്രസ്<br>ഇംഗ്ലീഷ് ടീച്ചർ<br>എസ്. ആർ.ജി | |

| | | | | | |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാൻ. | ഒരേദിവസം സ്കൂളിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ കൊടുക്കുന്നു. | പ്രതിദിനം | ഇംഗ്ലീഷ് ടീച്ചർ | |
| പുസ്തക നിരൂപണവും പദപ്രശ്ന നിർമ്മാണവും | വായനയും കളിയിലൂടെ ഭാഷാപഠനവും | 1. പുസ്തകങ്ങൾ നിർദ്ദേശിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുക.<br>പദപ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താൻ അവസരം നൽകുക. വിജയികൾക്ക് സമ്മാനങ്ങൾ നൽകുക | പ്രതിദിനം/ പ്രതിമാസം/ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷാപഠനം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് | ഇംഗ്ലീഷ് ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ, പഠനവൈകല്യമുള്ളവർ ഇക്കൂട്ടരെ പഠന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു. | ജൂൺമാസത്തിൽത്തന്നെ കുട്ടികളെ കണ്ടെത്തി അവർക്കുവേണ്ടി പ്രത്യേക മോഡ്യൂൾ തയ്യാറാക്കുന്നു<br>2. കഥകൾ, വാക്കുകൾ എന്നിവയുടെ വീഡിയോ പ്രസന്റേഷൻ പിക്ച്ചർ കാർഡുകൾ ചാർട്ടുകൾ എന്നിവയിലൂടെ പഠനം രസകരമാക്കുന്നു.<br>3. ഓരോമാസവും കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നു. | പ്രതിദിനം/ പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | |
| ഭാഷാപഠനം സവിശേഷ വൈഭവം ഉള്ള കുട്ടികൾക്ക് | സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നു. | 1. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള അന്തരീക്ഷം ഒരുക്കുന്നു.<br>പ്രസംഗം, അവതരണം എന്നിവ പരിശീലിപ്പിക്കൽ ഇംഗ്ലീഷ് സിനിമകൾ, വാർത്തകൾ, ചർച്ചകൾ എന്നിവ കാണാനും കേൾക്കാനും അവസരം ഒരുക്കൽ. | പ്രതിദിനം/ പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | |

## മേഖല– അക്കാദമികം

## ഉപമേഖല – ഹിന്ദി

**പൊതുവായ ലക്ഷ്യങ്ങൾ**

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിഎടുക്കുക.
2. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും നേടി എന്ന് ഉറപ്പുവരുത്തുക.
3. ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും, ആകർഷകവും ആക്കിമാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4. ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തുക.
5. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം , ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.<br>ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ<br>ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു.. | ഓഗസ്റ്റ്<br>സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും, വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു | ഡിസംബർ<br>ജനുവരി |

ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികലെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു. | ചാർട്ടുകൾ നൽകുന്നു, വിവിധ വിഷയങ്ങൾ നൽകുന്നു ക്ലാസ്സിൽ ഇതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. | |
| വാക്യഘടന പരിചയപ്പെടുത്തുന്നു ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതാനറിയുന്നു. | കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കാൻ പറയുന്നു | ഡിസംബർ- നവംബർ |



പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ്- സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നു. കഥയെ തിരക്കഥയാക്കി മാറ്റുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | നവംബർ- ജനുവരി |

മേഖല– അക്കാദമികം

ഉപമേഖല –ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കൗതുകം, ജിജ്ഞാസ നീരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുന്നു. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്കുമുമ്പിൽ കുട്ടികൾ തന്നെ ചെയ്തു കാണിച്ചുകൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാനാവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെക്കൊണ്ട് മോഡലുകൾ നിർമ്മിക്കുന്നു.<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഉല്പന്നങ്ങളുടെ പ്രദർശനം.<br>ക്ലാസുകളിൽ നൽകുന്ന ലഘുപ്രൊജക്ടുകളിൽ മെച്ചപ്പെട്ടവ സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| 2. നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുവാനുള്ളശേഷി നേടുന്നു | സെമിനാർ പേപ്പറുകൾ ക്ലാസ്സുകളിൽ അവതരിപ്പിക്കുന്നു.<br>മെച്ചപ്പെട്ടവ പൊതുവേദിയിൽ അവതരിപ്പിക്കുന്നു.<br>ശാസ്ത്രമേളകൾ സംഘടിപ്പിക്കുകയും കുട്ടികൾ നിർമ്മിച്ച വസ്തുക്കൾ പ്രദർശിപ്പിക്കുവാനുള്ള അവസരം ഒരുക്കുകയും ചെയ്യുന്നു. | അക്കാദമികവർഷത്തിൽ ഒരുപ്രാവശ്യം | സയൻസ് അധ്യാപകർ, മറ്റ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമികവർഷത്തിൽ ഒരുപ്രാവശ്യം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്രനാടകം അവതരിപ്പിക്കുന്നു. | അക്കാദമികവർഷത്തിൽ ഒരുപ്രാവശ്യം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | | | സയൻസ് അധ്യാപകർ | പി.ടി.എ., മാനേജ് മെന്റ് |
| 3. വിവരസാങ്കേതിക വിദ്യയിലൂടെ മാനവികതയിലൂന്നിയ ശാസ്ത്രബോധം വളർത്തുന്നു. | ക്ലാസുമുറികളിൽ ശാസ്ത്ര ലൈബ്രറി തയ്യാറാക്കുന്നു. ശാസ്ത്രമാസികകൾ( മാഗസിനുകൾ) തയാറാക്കുന്നു. ശാസ്ത്ര കലണ്ടർ നിർമ്മിക്കുന്നു.<br>സയൻസ് ലാബ് , ഐ.ടി. ലാബ് ഇവ സജീവമാക്കുന്നു. | അക്കാദമികവർഷം | സയൻസ് അധ്യാപകർ | പി.ടി.എ., മാനേജ് മെന്റ് |
| 4. ആരോഗ്യപരിപാലനവും പരിസ്ഥിതി സൗഹൃദമനോഭാവവും വളർത്തുന്നു | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു.<br>തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഔഷധത്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ട നിർമ്മാണവും പരിപാലനവും. | അക്കാദമികവർഷം<br>അക്കാദമികവർഷം | സയൻസ് അധ്യാപകർ ആരോഗ്യപ്രവർത്തകർ<br>സയൻസ് അധ്യാപകർ പരിസ്ഥിതി ക്ലബ്ബ്, സീഡ്, ആരോഗ്യ ക്ലബ്ബ് | പി.ടി.എ., മാനേജ് മെന്റ്<br>സയൻസ് ക്ലബ്ബ്, പി.ടി.എ |
| 5. പരിസ്ഥിതിക്ക് ദോഷകരമായ വസ്തുക്കൾ ഒഴിവാക്കുന്നതിനുള്ള മനോഭാവം വളർത്തുന്നു. | മാലിന്യങ്ങൾ ജൈവം അജൈവം, പ്ലാസ്റ്റിക്, ഇ-മാലിന്യം എന്നിങ്ങനെ തരംതിരിച്ച് സംസ്ക്കരിക്കുന്നു. | അക്കാദമികവർഷം | സയൻസ് അധ്യാപകർ പരിസ്ഥിതി ക്ലബ്ബ്, സീഡ്, ആരോഗ്യ ക്ലബ്ബ് | സയൻസ് ക്ലബ്ബ്, പി.ടി.എ |
| 6. അന്വേഷണ തൃഷ്ണ വർധിപ്പിക്കൽ, നേരറിവ് നേടൽ എന്നിവ വളർത്തുന്നതിനുള്ള മനോഭാവം | പുത്തൻ സാങ്കേതിക വിദ്യകളും (എ.ഐ) പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>ക്വിസ്, സെമിനാർ, പ്രൊജക്ട് (YIP) മുതലായവയിൽ പങ്കെടുക്കുന്നു.<br>ശാസ്ത്രകാരന്മാരുമായി അഭിമുഖം, സംവാദം എന്നിവയിലേർപ്പെടുന്നു. | അക്കാദമികവർഷം<br>അക്കാദമികവർഷം (ഒരുതവണ) | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ്, പി.ടി.എ<br>സയൻസ് ക്ലബ്ബ് |

## മേഖല – അക്കാദമികം
## ഉപമേഖല – ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ. | സ്കൂൾത്തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവവൈവിധ്യപാർക്ക് വിപുലമാക്കൽ. ശലഭങ്ങളെ ആകർഷിക്കുന്നതിനുള്ള പൂന്തോട്ട നിർമ്മാണം. | മൂന്ന് മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ<br>ഗവ. സഹായം |
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ട നിർമ്മാണം. | ഔഷധ സസ്യങ്ങളേയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടത്തിലെ എല്ലാ സസ്യങ്ങൾക്കും നാമകരണം ചെയ്യൽ. | മൂന്ന് മാസം | ഇക്കോ ക്ലബ്ബ് | പി.ടി.എ |
| ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവവൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് നേർ അനുഭവം നൽകുന്നു. | മൂന്ന് മാസം | ഇക്കോ ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | പി.ടി.എ |
| മോഡൽ നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കുന്നു. | ഒരുമാസം | സയൻസ് ക്ലബ്ബ് | പി.ടി.എ |
| ശാസ്ത്രലാബ് നവീകരണം ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയവുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ഒരുമാസം | സയൻസ് ക്ലബ്ബ് | പി.ടി.എ |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | സ്കൂൾതല സയൻസ് എക്സിബിഷൻ, ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം,സർവ്വേ,അഭിമുഖം നിരീക്ഷണം. | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് | പി.ടി.എ |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | വർഷത്തിൽ ഒരു തവണ | സയൻസ് ടീച്ചേഴ്സ് | പി.ടി.എ |

## മേഖല – അക്കാദമികം
## ഉപമേഖല – സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായി അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായിനടത്തുന്നു. | സാമൂഹികശാസ്ത്ര അധ്യാപിക |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കിമാറ്റിയെടുക്കുക .പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, ബ്ലോക്ക് പാർലമെന്റ്, പൗരബോധം സാമൂഹിക സേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേക തിരഞ്ഞെടുപ്പു ദിനങ്ങളിൽ | സാമൂഹികശാസ്ത്ര അധ്യാപിക |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ഫീൽഡ് ട്രിപ്പ് പ്രകൃതി ക്ഷോഭമുണ്ടായ സ്ഥലങ്ങൾ സന്ദർശിക്കൽ, ദുരന്തങ്ങളുണ്ടായ സ്ഥലങ്ങളുടെ സി.ഡി. പ്രദർശനം | വർഷം മുഴുവനും | സാമൂഹികശാസ്ത്ര അധ്യാപിക |
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക. സാമൂഹ്യപരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ, എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. ചിത്രപ്രദർശനം, ഉത്സവങ്ങൾ ആഘോഷപൂർവ്വം കൊണ്ടാടുന്ന വിവിധ മതസ്തരുടെ കൂട്ടായ്മയുടെ ചിത്രങ്ങൾ, നാടകങ്ങൾ, ചരിത്രകാരന്മാരുടെ ചിത്രങ്ങൾ, മഹത്വചനങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപിക |

| | | | |
|---|---|---|---|
| ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നു. അറ്റ്ലസ് , മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹികശാസ്ത്ര അധ്യാപിക |
| കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, സാവാദം എന്നിവയെക്കുറിച്ച് കൂടുതൽ ധാരണ നൽകുക.. | അക്കാദമിക വർഷം മുഴുവനും | സാമൂഹികശാസ്ത്ര അധ്യാപിക |
| വ്യത്യസ്ത ഇനം മണ്ണിനങ്ങളെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹികശാസ്ത്ര അധ്യാപിക |

## മേഖല– അക്കാദമികം
## ഉപമേഖല –ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ആശയധാരണ കൈ വരിക്കൽ | ഗണിതം ലളിതം, പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, പഠന പിന്തുണ നൽകൽ, ഗണിത ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. ഗണിത ആശയങ്ങളിൽനിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ. | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| 3. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ. | ഗണിത ലാബ് ഒരുക്കൽ | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ | |
| 4. സംഘബോധം ഉണ്ടാക്കൽ. | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘ തലവൻ | |
| 5. ഗണിതബോധം വർദ്ധിപ്പിക്കൽ | ഗണിത ക്വിസുകൾ സംഘടിപ്പിക്കുന്നു | മാസത്തിൽ ഒന്ന് | അധ്യാപകർ ക്ലബ്ബ് ഭാരവാഹികൾ | |
| 6. അധ്യാപകർ കാലാനുസ്യതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുക | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം , ഇടപെടൽ , ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർ പ്രവർത്തനം | വിഷയസമിതി കൺവീനർ മുതിർന്ന അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7. ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ . മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ | |
| 8. ഗണിത മാഗസിൻ നിർമ്മിക്കൽ | ഗണിത ക്ലബ്ബ് അംഗങ്ങളിലെ മികച്ച രചനകൾ സംയോജിപ്പിക്കൽ | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ക്ലബ്ബ് പ്രസിഡന്റ് | |
| 9. ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേയ്ക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | അക്കാദമിക വർഷത്തിൽ | അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ | |
| 10.രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ. നടത്തുന്ന ചുമതല | എല്ലാ മാസവും | അധ്യാപകർ പി.ടി.എ. പ്രസിഡന്റ് | |